| (1) | (2) | (3) |
|---|---|---|
| മലപ്പുറം | 308 | 127 |
| കോഴിക്കോട് | 593 | 111 |
| വയനാട് | 241 | 32 |
| കണ്ണൂർ | 1267 | 142 |
| കാസർഗോഡ് | 451 | 65 |

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ 7-ാം ഷെഡ്യൂളിലെ ലിസ്റ്റ് II-ലെ 32-ാം എൻട്രി പ്രകാരം സഹകരണം എന്നത് സംസ്ഥാന വിഷയമാണ്. ത്രിതല വായ്പാ മേഖലയുടെ ഘടനയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊള്ളാനുള്ള അധികാരം അതാതു സംസ്ഥാനങ്ങൾക്കാണ്. ടി അധികാരം റിസർവ് ബാങ്ക് നിയോഗിച്ച ഒരു കമ്മിറ്റി റിപ്പോർട്ട് പ്രകാരം സംസ്ഥാനങ്ങളുമായി ആലോചിക്കാതെ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നത് ശരിയായ നടപടിയല്ല എന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ജില്ലാ സഹകരണബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ്

149 (2380) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വായ്പേതരസംഘങ്ങൾക്ക് ജില്ലാ ബാങ്കുകളിൽ വോട്ടവകാശമുള്ള അംഗമായി ചേരുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വായ്പാസംഘങ്ങളും വായ്പേതരസംഘങ്ങളും പുതുതായി രജിസ്റ്റർ ചെയ്തു ; ജില്ലതിരിച്ച് വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സ്ഥാപനങ്ങളിൽ ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണച്ചുമതല ഏൽപ്പിച്ചു ; ജില്ലതിരിച്ചു വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേരള സഹകരണ സംഘം നിയമം (ഭേദഗതി) 2012 (2012-ലെ 13-ാം ആക്ട്) പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ അംഗത്വത്തെ പ്രതിപാദിക്കുന്ന വകുപ്പ് 2i(ia), വകുപ്പ് 28 എന്നിവയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്ക വിധത്തിൽ നിയമ ഭേദഗതി വരുത്തുകയുണ്ടായി. ആയതു പ്രകാരം 10-12-2007 വരെ ജില്ലാ സഹകരണ ബാങ്കുകളിൽ അംഗത്വം ഉണ്ടായിരുന്ന എല്ലാ സഹകരണ സംഘങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

നിലവിൽ വോട്ടവകാശം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭേദഗതി പ്രകാരം എല്ലാ ജില്ലാ സഹകരണ ബാങ്കുകളും നിയമാനുസൃതം പൊതുയോഗം വിളിച്ചു കൂട്ടുകയും ടി പൊതുയോഗം അംഗീകരിച്ച ബൈലാഭേദഗതി വ്യവസ്ഥകൾ സഹകരണ സംഘം രജിസ്ട്രാർ രജിസ്റ്റർ ചെയ്തുനൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിയമാവലി വ്യവസ്ഥകൾ പ്രകാരം യോഗ്യത നേടിയിട്ടുള്ള അംഗങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിൽ വോട്ടവകാശമുള്ള അംഗമായി ചേരാവുന്നതാണ്.

(ബി) വായ്പാ സംഘങ്ങളുടെയും വായ്പേതര സംഘങ്ങളുടെയും ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | വായ്പാ സഹകരണ സംഘങ്ങളുടെ എണ്ണം | വായ്പേതര സഹകരണ സംഘങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 12 | 87 |
| കൊല്ലം | 7 | 35 |
| പത്തനംതിട്ട | 4 | 9 |
| ആലപ്പുഴ | 3 | 9 |
| കോട്ടയം | 2 | 19 |
| ഇടുക്കി | 1 | 21 |
| എറണാകുളം | 21 | 19 |
| തൃശ്ശൂർ | 6 | 90 |
| പാലക്കാട് | 36 | 30 |
| മലപ്പുറം | 3 | 42 |
| കോഴിക്കോട് | 15 | 58 |
| വയനാട് | 1 | 7 |
| കണ്ണൂർ | 7 | 11 |
| കാസർഗോഡ് | 4 | 42 |
| ആകെ | 122 | 479 |

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏഴ് ഭരണസമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ ഭരണച്ചുമതല ഏൽപ്പിച്ചു. സഹകരണ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ജില്ല | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച സഹകരണ സംഘങ്ങൾ |
|---|---|
| തിരുവനന്തപുരം | തിരുവനന്തപുരം പോലീസ് സ്റ്റാഫ് സഹകരണ സംഘം ലിമിറ്റഡ് നം.റ്റി. 696 |
| കൊല്ലം | ഈസ്റ്റ് കല്ലട സർവീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.ക്യു.187 |
| ആലപ്പുഴ | 1. കരുമാടി സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.11412. പുന്നപ്ര സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.181 |
| ഇടുക്കി | ഉദയഗിരി സർവ്വീസ് സഹകരണ ബാങ്ക് |
| എറണാകുളം | കുറ്റിലഞ്ഞി സർവീസ് സഹകരണ ബാങ്ക് |
| മലപ്പുറം | പെരിന്തൽമണ്ണ താലൂക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം |

## തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ ഭരണസമിതി പിരിച്ചുവിട്ടത്

150 (2381) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ ഭരണസമിതി പിരിച്ചുവിടാനിടയായതിന്റെ കാരണവും സാഹചര്യവും വ്യക്തമാക്കുമോ ;

(ബി) ബാങ്കിൽ പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുന്നതിന് എന്നു തെരഞ്ഞെടുപ്പ് നടത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത ബാങ്കിൽ തെരഞ്ഞെടുപ്പുനടത്താനായി തയ്യാറാക്കിയ വോട്ടർ പട്ടികയിൽ ക്രമക്കേടുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, ആയതുപരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേരള സഹകരണ സംഘം നിയമം (ഭേദഗതി) ഓർഡിനൻസ് 18/2012 പ്രകാരം ജില്ലാ സഹകരണ ബാങ്കുകളുടെ ഭരണസമിതികളുടെ ഘടനയിൽ മാറ്റം വരുത്തിയതിനെത്തുടർന്ന് നിലവിലുള്ള ഭരണ സമിതികൾ ഇല്ലാതാവുകയാണ് ഉണ്ടായത്.

LIBRARY ARCHIVES Kerala Legislative Assembly